**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469** **23-07-2021 - ൽ മറുപടിയ്ക്ക്**

**കല്ലായിപ്പുഴ കയ്യേറ്റം ഒഴിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി കോഴിക്കോട് കോർപ്പറേഷൻ 7.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി Deposit Work ആയി ചെയ്യുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കല്ലായിപ്പുഴയിലെ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ വിവിധ വില്ലേജുകളിലായി കല്ലായി പുഴ പുറമ്പോക്ക് കയ്യേറിയവരെ 2011 കാലയളവിൽ കയ്യേറ്റം ബുക്ക് ചെയ്ത് ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചിരുന്നു. ആയതിനെതിരെ 46 പേർ ബഹു. ഹൈക്കോടതിയിൽ വിവിധ കേസുകൾ ഫയൽ ചെയ്യുകയും കേസുകൾ സമഗ്രമായി പരിഗണിച്ച് കയ്യേറ്റക്കാരുടെ കൈവശത്തിലുള്ള സ്ഥലം നോട്ടീസ് നൽകി സർവേ ചെയ്യാനും ശാശ്വതലീസ്/ലീസ്/എഗ്രിമെന്റ് എന്നിവ കൈവശമുള്ളവരുടെ കാര്യത്തിൽ ആയത് പുതുക്കുന്നതിന് സർക്കാരിന് തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും മേൽ പറഞ്ഞവ ഇല്ലാത്തവരെ സർക്കാരിന് കെ.എൽ.സി. നിയമ പ്രകാരം ഒഴിപ്പിക്കാവുന്നതാണെന്നും WP(C) 37333/2017 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ (ഭൂരേഖ) കേസിലെ കക്ഷികൾക്ക് മുഴുവനും നോട്ടീസ് നൽകി കക്ഷികളുടെ സാന്നിദ്ധ്യത്തിൽ അളന്ന് സ്കെച്ച് തയ്യാറാക്കി. കക്ഷികൾ ശാശ്വത പാട്ടം സംബന്ധിച്ച ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ എല്ലാവരും ആധാരങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമി കൈവശം വച്ചു വരുന്നവരാണെന്നും ഗവൺമെന്റിൽ നിന്നും ലീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആരും ഭൂമി കൈവശം വച്ച് വരുന്നില്ലെന്ന് രേഖകൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് തഹസിൽദാർ റിപ്പോർട്ടാക്കിയിരുന്നു. 46 പേരുടെ ഭൂമിയിൽ 45 പേരുടെ ഭൂമിയും അടങ്കൽ രേഖകൾ പ്രകാരം പുഴപുറമ്പോക്കാണ്. കേസ് ഫയൽ ചെയ്യാത്ത ടി പേരുടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു ഈ വിഷയത്തിൽ കക്ഷികൾ സമർപ്പിച്ച WP(C) 14909/20 നമ്പർ കേസിൽ ഭൂമി മുഴുവനും സർവേ നടത്തുന്നതിനും കക്ഷികളുടെ കൈവശമുള്ള രേഖകളും കുഴിക്കൂർ ചമയങ്ങളും വ്യക്തമായി പരിശോധിച്ച് സമയബന്ധിതമായി ഭൂമിയിലുള്ള കെട്ടിടത്തിന്റെ പ്രായം എസ്റ്റിമേറ്റ് മൂല്യം എന്നിവ കണ്ടെത്തുന്നതിനായി നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു ടീമിനെ നിയോഗിച്ച് നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് തഹസിൽദാർ (ഭൂരേഖ) യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ